**തിരുവനന്തപുരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**
**(ഹാജർ : കെ.എ.ജോഷി)**

വിഷയം:- ജലസേചനം – ജീവനക്കാര്യം – ഒരു വിഭാഗം മിനിസ്റ്റീരിയിൽ ജീവനക്കാർ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ മുമ്പാകെ സമർപ്പിച്ച നിവേദനം – അനോമലി സെൽ – സീനിയർ സൂപ്രണ്ടിന്റെ ചുമതല – സംബന്ധിച്ച്

പരാമർശം :- 1. 20.09.17 & 25.06.2018 ലെ ഇതേ നമ്പർ ഉത്തരവ്
2. സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.ആർ.റ്റി 914/2018 തീയതി 22.12.2018
3. MA(E) 1480/2018 in OA(E) 841/2018 dated 13.07.2018

**ഉത്തരവ് നം. ഡിസിഇ/അനോമലി സെൽ/23156/2017 തീയതി : 23.01.2019**

സൂചന (1) പ്രകാരം ഈ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സീനിയോറിറ്റി/പ്രമോഷൻ തുടങ്ങിയവയിലുള്ള ക്രമക്കേടുകൾ കണ്ടെത്തി പരിഹരിക്കുന്നതിനായി ഒരു അനോമലി സെൽ രൂപീകരിച്ച് ഉത്തരവായിരുന്നു. ശ്രീമതി. കെ.എസ്. മഞ്ജു വിജിലൻസ് സീനിയർ സൂപ്രണ്ടിനായിരുന്നു പ്രസ്തുത സെല്ലിന്റെ ചുമതല. സെൽ രൂപീകൃതമായതുമുതൽ വിവിധ ആഫീസുകളിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സർവ്വീസ് പുസ്തകങ്ങളുടെ പരിശോധന ടിയാളുടെ നേതൃത്വത്തിൽ നടത്തി വരുന്നു. സൂചന (2) പ്രകാരം ശ്രീമതി. കെ.എസ്.മഞ്ജു സീനിയർ സൂപ്രണ്ടിനെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റാന്റായി ഐ.ഡി.ആർ.ബിയിലേക്ക് സ്ഥാനക്കയറ്റം മുഖേന സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ട്. 13.5.2019 ന് മുമ്പായി അനോമലി സെൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സൂചന (3) പ്രകാരം ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് നൽകിയിട്ടുണ്ട്. അനോമലി സെല്ലുമായി ബന്ധപ്പെട്ട സർവ്വീസ് പുസ്തകങ്ങളുടെ പരിശോധന നാളിതുവരെ നടത്തിയിരുന്നത് ശ്രീമതി. കെ.എസ്.മഞ്ജുവിന്റെ നേതൃത്വത്തിലായതിനാൽ തുടർന്നുള്ള നടപടികളും ടിയാളുടെ നേതൃത്വത്തിൽ നടത്തേണ്ടതും റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്. ആയതിനാൽ ശ്രീമതി. കെ.എസ്.മഞ്ജു (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റാന്റ് O/o ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി) തുടർന്നും അനോമലി സെല്ലിന്റെ ചുമതല നിർവ്വഹിക്കേണ്ടതാണ്.

**ചീഫ് എഞ്ചിനീയർ**

**പകർപ്പ്**

1. ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി
2. ശ്രീമതി. കെ.ശ്രീലേഖ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (അഡ്മിനിസ്ട്രേഷൻ)
3. ശ്രീ.വി.എൻ.രാധാകൃഷ്ണൻ, ലാ ഓഫീസർ
4. ശ്രീ.നിപുൺ ജോസഫ്, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5. ശ്രീമതി. കെ.എസ്.മഞ്ജു, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ഐ.ഡി.ആർ.ബി
6. ജൂനിയർ സൂപ്രണ്ട്, അനോമലി സെൽ
7. ഐ.ടി. സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)